**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3547** **05-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് ബാധയെ തുടർന്ന് കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കാർഷികാധിഷ്ഠിത വ്യവസായത്തിന് മുന്തിയ പരിഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി പ്രകാരം കാർഷികാധിഷ്ഠിത ഭക്ഷ്യോത്പന്ന നിർമ്മാണ യൂണിറ്റുകളെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്ക് പൊതു വിഭാഗത്തിന് നൽകുന്ന സബ്-സിഡിയ്ക്ക് പുറമേ അധിക സഹായമായി ആകെ സ്ഥിര നിക്ഷേപത്തിന്റെ 10 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ അധിക സബ്-സിഡി നൽകി വരുന്നു. സംസ്ഥാനത്ത് വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഗവൺമെൻറ് പദ്ധതിയായ പ്രൈം മിനിസ്റ്റേഴ്സ് ഫോർമലിസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എൻറർപ്രൈസസ് വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാധിഷ്ഠിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് ആകെ പദ്ധതി ചെലവിന്റെ 35 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്.സിഡി. ജില്ലാതലത്തിൽ നടപ്പിലാക്കുന്ന ഒരു ജില്ലാ ഒരു ഉൽപന്നം പദ്ധതി മുഖേന ആരംഭിക്കുന്ന സംരംഭങ്ങൾക്കും നിലവിൽ പ്രവർത്തിക്കുന്ന മറ്റു ഭക്ഷ്യസംസ്കരണ യൂണിറ്റുകൾക്കും ഈ സഹായം ലഭ്യമാക്കുന്നു. സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ (ARISE) എന്ന പദ്ധതി വഴി കാർഷിക ഭക്ഷ്യസംസ്കരണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നവർക്കു KIED മുഖേന ഇൻകുബേഷൻ സപ്പോർട്ട് ലഭ്യമാക്കി വരുന്നു. കുട്ടനാട്ടിൽ നെൽ കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ ഉടമസ്ഥതയിൽ കാർഷിക വിഭവങ്ങളുടെ മൂല്യ വർദ്ധന ഉത്പാദനത്തെ ത്വരിതപ്പെടുത്തുന്നതിന് |

| | | | |
|---|---|---|---|
| | | | താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്. 1.ഭക്ഷ്യസംസ്കരണ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം 2.കാർഷിക ഭക്ഷ്യ സംസ്കരണത്തിനായുള്ള പ്രത്യേക സാമ്പത്തിക മേഖല – മലപ്പുറം. 3.ഭക്ഷ്യ സംസ്കരണ പാർക്ക്, അടൂർ 4.ഭക്ഷ്യ സംസ്കരണ മേഖല, കിൻഫ്ര വ്യവസായ പാർക്ക് - മഴുവന്നൂർ 5.മെഗാ ഫുഡ് പാർക്ക്, പാലക്കാട് 6.സീ-ഫുഡ് പാർക്ക് അരൂർ, ആലപ്പുഴ കൂടാതെ കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ പുതുക്കൈ വില്ലേജിലെ 8.95 ഏക്കർ ഭൂമിയും മടിക്കൈ വില്ലേജിലെ 91.03 ഏക്കർ ഭൂമിയും ഉൾപ്പെടെ 99.98 ഏക്കർ ഭൂമി വ്യവസായ പാർക്കായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം സംരംഭങ്ങളുമായി മുന്നോട്ടു വരുന്നവരെ ഏതെല്ലാം രീതിയിൽ സഹായിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി പ്രകാരം കാർഷികാധിഷ്ഠിത ഭക്ഷ്യോത്പന്ന നിർമ്മാണ യൂണിറ്റുകളെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്ക് പൊതു വിഭാഗത്തിന് നൽകുന്ന സബ്-സിഡിയ്ക്ക് പുറമേ അധിക സഹായമായി ആകെ സ്ഥിര നിക്ഷേപത്തിന്റെ 10 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ അധിക സബ്-സിഡി നൽകി വരുന്നു. സംസ്ഥാനത്ത് വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഗവൺമെൻറ് പദ്ധതിയായ പ്രൈം മിനിസ്റ്റേഴ്സ് ഫോർമലിസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എൻറർപ്രൈസസ് വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാധിഷ്ഠിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് ആകെ പദ്ധതി ചെലവിന്റെ 35 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്.സിഡി. ജില്ലാതലത്തിൽ നടപ്പിലാക്കുന്ന ഒരു ജില്ലാ ഒരു ഉൽപന്നം പദ്ധതി മുഖേന ആരംഭിക്കുന്ന സംരംഭങ്ങൾക്കും നിലവിൽ പ്രവർത്തിക്കുന്ന മറ്റു ഭക്ഷ്യസംസ്കരണ യൂണിറ്റുകൾക്കും ഈ സഹായം ലഭ്യമാക്കുന്നു. സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ (ARISE) എന്ന പദ്ധതി വഴി കാർഷിക ഭക്ഷ്യസംസ്കരണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നവർക്കു KIED മുഖേന ഇൻകുബേഷൻ സപ്പോർട്ട് ലഭ്യമാക്കി വരുന്നു. കുട്ടനാട്ടിൽ നെൽ കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ ഉടമസ്ഥതയിൽ കാർഷിക വിഭവങ്ങളുടെ മൂല്യ വർദ്ധന ഉത്പാദനത്തെ ത്വരിതപ്പെടുത്തുന്നതിന് |

| | | | |
|---|---|---|---|
| | | | താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്. 1.ഭക്ഷ്യസംസ്കരണ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം 2.കാർഷിക ഭക്ഷ്യ സംസ്കരണത്തിനായുള്ള പ്രത്യേക സാമ്പത്തിക മേഖല – മലപ്പുറം. 3.ഭക്ഷ്യ സംസ്കരണ പാർക്ക്, അടൂർ 4.ഭക്ഷ്യ സംസ്കരണ മേഖല, കിൻഫ്ര വ്യവസായ പാർക്ക് - മഴുവന്നൂർ 5.മെഗാ ഫുഡ് പാർക്ക്, പാലക്കാട് 6.സീ-ഫുഡ് പാർക്ക് അരൂർ, ആലപ്പുഴ കൂടാതെ കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ പുതുക്കൈ വില്ലേജിലെ 8.95 ഏക്കർ ഭൂമിയും മടിക്കൈ വില്ലേജിലെ 91.03 ഏക്കർ ഭൂമിയും ഉൾപ്പെടെ 99.98 ഏക്കർ ഭൂമി വ്യവസായ പാർക്കായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ